പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3296

25.06.2012-ൽ മറുപടിക്ക്

## പ്രകൃതിക്ഷോഭത്തിൽ നഷ്ടം സംഭവിച്ച മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പ്രകൃതിക്ഷോഭത്തിൽപെട്ട് വള്ളവും വലയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും നഷ്ടപരിഹാരം നല്കാൻ വ്യവസ്ഥയുണ്ടോ എന്നു വ്യക്തമാക്കുമോ ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന മത്സ്യ സുരക്ഷ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ള ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ചതോ, അല്ലാത്തതോ ആയ വള്ളങ്ങൾക്ക് മത്സ്യബന്ധനത്തിനിടെ പ്രകൃതിക്ഷോഭത്താലും അല്ലാതെയും ഉണ്ടാകുന്ന അപകടങ്ങളിൽ വള്ളം, വല, എഞ്ചിൻ, എന്നിവയ്ക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. |
| (ബി) | എങ്കിൽ അതു പ്രകാരം നഷ്ടപരിഹാരം നല്കുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | നഷ്ടപരിഹാരം ലഭിയ്ക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | അർഹരായ എല്ലാവർക്കും നഷ്ടപരിഹാരം വിതരണം ചെയ്യാൻ നിർദ്ദേശം നല്കുമോയെന്നു വ്യക്തമാക്കുമോ ? | (ഡി) | മത്സ്യസുരക്ഷ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത എല്ലാ വള്ളങ്ങൾക്കും നഷ്ടം സംഭവിക്കുന്ന പക്ഷം ഇൻഷ്വറൻസ് ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ